**A** | **505**

സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം

## ആത്യന്തിക വിലയിരുത്തൽ I 2025-2026

## സാമൂഹ്യശാസ്ത്രം

**ക്ലാസ്: 5** — **സമയം: 2 മണിക്കൂർ 15 മിനിറ്റ്**

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ ആദ്യത്തെ **15 മിനിറ്റ് സമാശ്വാസ സമയമാണ്.** ഈ സമയം ചോദ്യങ്ങൾ വായിച്ചുമനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.

**ഒന്നാമത്തെ ചോദ്യത്തിന് 1(A), 1(B) എന്നീ ഭാഗങ്ങൾ ഉണ്ട്. 1(A), 1(B) എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായും എഴുതിയാൽ മതിയാകും.**

**1(A)** വിക്കിയുടെയും അപ്പുവിന്റെയും സംഭാഷണഭാഗം നിരീക്ഷിക്കുക




a) ഗ്രാമജീവിതം ഇഷ്ടപ്പെടുന്നവരെയും നഗരജീവിതം ഇഷ്ടപ്പെടുന്നവരെയും നമുക്കുകാണാൻ കഴിയും. ഗ്രാമജീവിതത്തിന്റെയും നഗരജീവിതത്തിന്റെയും സവിശേഷതകൾ ഉൾപ്പെടുത്തി ഒരു താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

b) പീലിയുടെ ഗ്രാമത്തിന്റെ സവിശേഷതകളിൽ പെടാത്തത് ഏതാണ് ?

A) ആഴ്ചച്ചന്തകളിൽ നിന്നാണ് ഗ്രാമവാസികൾ സാധനങ്ങൾ വാങ്ങുന്നതും അവർ ഉണ്ടാക്കിയവ വിൽക്കുന്നതും

B) നീന്തൽ പഠിക്കാൻ ധാരാളം കുളങ്ങൾ ഉണ്ടായിരുന്നു.

C) ഉഴുതുമറിച്ച വയലിൽ നടക്കുന്ന കാളപൂട്ട് മത്സരങ്ങൾ

D) വിവിധ സ്ഥലങ്ങളിലേയ്ക്ക് പെട്ടെന്ന് എത്തിച്ചേരാൻ കഴിയുന്ന വാഹനസൗകര്യങ്ങൾ

അല്ലെങ്കിൽ

1 (B)




a) മീനുവിനെപ്പോലെ ശാരീരികപരിമിതികൾ നേരിടുന്ന കുട്ടികളെ നമുക്കും പരിചിതമാണല്ലോ. ജീവിതത്തിലെ സന്തോഷാനുഭവങ്ങൾ ഓരോരുത്തർക്കും വ്യത്യസ്തമാണ്. കുടുംബത്തിലും സ്കൂളിലും സമൂഹത്തിലും നിങ്ങൾക്ക് കിട്ടിയിട്ടുള്ള സന്തോഷാനുഭവങ്ങൾ പങ്കുവെച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

b) പീലിയുടെ ഗ്രാമത്തിൽ നിന്ന് കുട്ടികൾക്ക് ലഭിച്ച സന്തോഷാനുഭവങ്ങളിൽ പെടാത്തതേത്?

A) എല്ലാവരും ഒത്തൊരുമയോടെ ജീവിക്കുന്നു

B) മനോഹരമായ ഭൂപ്രകൃതിയാണ്

C) വിശാലമായ കളിസ്ഥലം

D) ഇന്റർനെറ്റും വൈഫൈ സൗകര്യവും

**2 തീ നിയന്ത്രിച്ച് ഉപയോഗിക്കാൻ പരിശീലിച്ചതും കൃഷിയുടെ ആരംഭവും ആദിമ മനുഷ്യരുടെ ജീവിതപുരോഗതിയിലെ സുപ്രധാന ഘട്ടങ്ങളാണ്.**





a) തീയുടെ ഉപയോഗം ആദിമ മനുഷ്യരുടെ ഭക്ഷണരീതിയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വിശദീകരിച്ച് കുറിപ്പ് തയ്യാറാക്കുക.

b) ആദ്യകാല മനുഷ്യൻ കൃഷിയിടങ്ങൾക്ക് സമീപത്താണ് സ്ഥിരവാസമാരംഭിച്ചത്. മനുഷ്യജീവിതത്തിൽ അതിന്റെ ഫലമായി ഉണ്ടായ നേട്ടങ്ങളിൽ ഉൾപ്പെടാത്തത് കണ്ടെത്തി എഴുതുക.

A) കൃഷിയിടങ്ങൾ സംരക്ഷിക്കാൻ സാധിച്ചു

B) ഭക്ഷണം തേടി അലഞ്ഞുതിരിയേണ്ടി വന്നു

C) ഭക്ഷ്യവസ്തുക്കളുടെ ലഭ്യത വർദ്ധിച്ചു

D) കൂടുതൽ വിശ്രമസമയം കിട്ടി

3 വാർത്താതലക്കെട്ട് ശ്രദ്ധിക്കൂ.

**അതിദരിദ്രർ ഇല്ലാത്ത ആദ്യജില്ലയായി കോട്ടയം**

**അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള പ്രവർത്തനപദ്ധതി ലക്ഷ്യത്തിലേക്ക്**

a) 'ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും കാരണങ്ങളും പരിഹാരങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂളിൽ നടക്കുന്ന പ്രസംഗത്തിൽ അവതരിപ്പിക്കാനുള്ള ആശയങ്ങൾ പട്ടികപ്പെടുത്തുക.

b) തന്നിരിക്കുന്നവയിൽ ലോകഭക്ഷ്യദിനമായി ആചരിക്കുന്നത് ഏതുദിവസമാണ്?

A) ഒക്ടോബർ 31 B) ഒക്ടോബർ 2

C) ഒക്ടോബർ 16 D) ഒക്ടോബർ 24

4 **പത്രവാർത്ത ശ്രദ്ധിക്കൂ.**

**ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ ഐടി സംരംഭകൻ മലയാളിയായ ആദിത്യൻ രാജേഷ്**

കേരളത്തിലെ തിരുവല്ലയിൽ ജനിച്ച ആദിത്യൻ ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ ഐടി സംരംഭകനാണ്. ആൻഡ്രോയിഡിനു പകരം ആപ്റ്റോയ്ഡ്, മൊബൈൽ ഗെയിമുകൾ, വെബ് ഡിസൈനിങ് തുടങ്ങി നിരവധി സേവനങ്ങളാണ് ആദിത്യൻ രാജേഷിന്റെ കമ്പനി ലഭ്യമാക്കുന്നത്.

a) സ്വയംതൊഴിൽ സംരംഭകനായ ആദിത്യൻ രാജേഷിനെ നേരിട്ട് കാണാൻ അവസരം ലഭിക്കുകയാണെങ്കിൽ എന്തൊക്കെയായിരിക്കും നിങ്ങൾക്ക് ചോദിക്കാനുണ്ടാവുക. ചോദ്യാവലി തയ്യാറാക്കൂ.

b) താഴെപ്പറയുന്നവയിൽ നിന്ന് സ്വയംതൊഴിൽ സംരംഭത്തിന്റെ സവിശേഷതകളിൽ ഉൾപ്പെടാത്തത് കണ്ടെത്തി എഴുതുക.

A) വ്യക്തികൾ ഒറ്റയ്ക്ക് അവരുടെ സംരംഭങ്ങൾ കൈകാര്യം ചെയ്യുന്നു.

B) സ്വയംതൊഴിൽ സംരംഭത്തിൽ നിന്നുള്ള വരുമാനത്തിന്റെ പൂർണ്ണ അവകാശി സ്വയംതൊഴിൽ സംരംഭകർ മാത്രമായിരിക്കും

C) സ്വയംതൊഴിൽ സംരംഭത്തിൽ ഏർപ്പെടുന്ന വ്യക്തിക്ക് തൊഴിലാളിയുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കേണ്ടതില്ല

D) സ്വയംതൊഴിൽ സംരംഭത്തിൽ ഏർപ്പെടുന്ന വ്യക്തിയാണ് ആ സംരംഭത്തിന്റെ ഉടമസ്ഥൻ.

**അഞ്ചാമത്തെ ചോദ്യത്തിന് 5(A), 5(B) എന്നീ ഭാഗങ്ങൾ ഉണ്ട്. 5(A), 5(B) എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായും എഴുതിയാൽ മതിയാകും.**

**5(A)** a) വസ്ത്രത്തിന്റെ നിർമ്മാണചരിത്രവുമായി ബന്ധപ്പെട്ട് തന്നിട്ടുള്ള ആശയങ്ങളെ വളർച്ചാഘട്ടങ്ങളനുസരിച്ച് ശരിയായി ക്രമീകരിച്ചെഴുതുക.

| | | | |
|---|---|---|---|
| **നെയ്ത്ത് ഉപകരണങ്ങളുടെ കണ്ടുപിടുത്തം** | **പ്രകൃതിയിലെ വസ്തുക്കളിൽ നിന്ന് വസ്ത്രം രൂപപ്പെടുത്തി** | **നെയ്ത്ത് യന്ത്രങ്ങളുടെ കണ്ടുപിടുത്തം** | **വിവിധ നാരുകൾ കൂട്ടിച്ചേർത്ത് നൂലുണ്ടാക്കി** |

[ ] ⇒ [ ] ⇒ [ ] ⇒ [ ]

b) വസ്ത്രനിർമ്മാണ ചരിത്രവുമായി ബന്ധപ്പെട്ട് തന്നിട്ടുള്ള പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക.

1. വസ്ത്രനിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രകൃതിദത്ത നാരാണ് റയോൺ
2. കൂടുതലായി ഉൽപാദിപ്പിച്ച തുണിത്തരങ്ങൾ വിറ്റഴിക്കാൻ കമ്പോളങ്ങൾ തേടി ഇന്ത്യക്കാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സഞ്ചരിച്ചു
3. വസ്ത്രങ്ങൾക്കുനിറം നൽകാൻ കൃത്രിമ ചായങ്ങൾ ഉപയോഗപ്പെടുത്തി
4. സ്പിന്നിംഗ് ജന്നിയുടെ കണ്ടുപിടുത്തം വസ്ത്രനിർമ്മാണ രംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവന്നു

A) ഒന്നും രണ്ടും ശരിയാണ്

B) രണ്ടും മൂന്നും ശരിയാണ്

C) മൂന്നും നാലും ശരിയാണ്

D) ഒന്നും നാലും ശരിയാണ്

**അല്ലെങ്കിൽ**

5 B വസ്ത്രനിർമ്മാണത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ നേരിട്ട് കണ്ടുമനസ്സിലാക്കുന്നതിനായി വസ്ത്രനിർമ്മാണശാല സന്ദർശിച്ച കുട്ടികൾ അവിടെ ഉപയോഗിക്കുന്ന വിവിധതരം നാരുകളെ പട്ടികപ്പെടുത്തിയത് നോക്കൂ

**നാരുകൾ**

| |
|---|
| പോളിസ്റ്റർ, നൈലോൺ, പട്ടുനൂൽ, കമ്പിളി, ചണം, റയോൺ, പരുത്തി, മൊഡാൽ |

a) വിവിധതരം നാരുകളെ തന്നിരിക്കുന്ന പട്ടികയിൽ ശരിയായി ക്രമീകരിക്കുക

| പ്രകൃതിദത്ത നാരുകൾ | കൃത്രിമനാരുകൾ |
|---|---|
| ചണം | മൊഡാൽ |
| | |
| | |
| | |

b) യന്ത്രങ്ങളുടെ ഉപയോഗം വസ്ത്രനിർമ്മാണത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. ഇതുമായി ബന്ധപ്പെട്ട് തന്നിട്ടുള്ള പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തി എഴുതുക.

1. ഉൽപാദനത്തിലെ വർധനവ്
2. അധ്വാനഭാരം കൂടുതൽ
3. പ്രകൃതിദത്ത ചായങ്ങൾ മാത്രം ഉപയോഗിച്ചുള്ള വസ്ത്രനിർമ്മാണം
4. ഗുണമേന്മയുള്ള വസ്ത്രങ്ങളുടെ ഉൽപാദനം

A) ഒന്നും രണ്ടും ശരിയാണ്

B) ഒന്നും നാലും ശരിയാണ്

C) രണ്ടും നാലും ശരിയാണ്

D) മൂന്നും നാലും ശരിയാണ്

6 താഴെ കൊടുത്തിരിക്കുന്ന കാർട്ടൂൺ ശ്രദ്ധിക്കൂ




a) രണ്ടുപേരുടെയും വരുമാനസ്രോതസ്സുകൾ ശ്രദ്ധിച്ചല്ലോ. വിവിധ സ്രോതസ്സുകളിൽ നിന്നുലഭിക്കുന്ന വരുമാനമേതെന്ന് തന്നിരിക്കുന്നവയിൽനിന്നു കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

പലിശ
ശമ്പളം
വാടക
ലാഭവിഹിതം
വിള
കൂലി

| സ്രോതസ് | വരുമാനം |
|---|---|
| കൃഷിപ്പണി | 1. .............................. |
| കെട്ടിടം | 2. .............................. |
| സെക്യൂരിറ്റി ജോലി | 3. .............................. |
| കൃഷി | വിള |

b) താഴെപ്പറയുന്ന വരുമാനസ്രോതസ്സുകളെ ആസ്തികൾ, തൊഴിലുകൾ എന്നിങ്ങനെ തരംതിരിച്ച് എഴുതുക.

(കെട്ടിടങ്ങൾ, കൃഷി, ബാങ്ക് നിക്ഷേപങ്ങൾ, കച്ചവടം, വസ്തുവകകൾ, അധ്യാപനം)

| ആസ്തികൾ | തൊഴിലുകൾ |
|---|---|
| കെട്ടിടങ്ങൾ | കച്ചവടം |
| • | • |
| • | • |